**KSFE**

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ: 3025/Plg    തിയ്യതി: 01.07.2021

## സർക്കുലർ നമ്പർ 61 /2021 (BD)

വിഷയം : ചിട്ടി ലേല നടപടികൾ ആരംഭിക്കുന്നത് സംബന്ധിച്ച്

സൂചന : സർക്കുലർ നമ്പർ 38/2021 (P&HR) തിയ്യതി 30.04.2021

** ** **

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ മെയ്, ജൂൺ മാസങ്ങളിലെ ചിട്ടി ലേല നടപടികൾ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം റദ്ദാക്കിയിരുന്നു. കോവിഡ് രണ്ടാംതരംഗം നിയന്ത്രണവിധേയമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ജൂലായ് മാസം മുതൽ ലേല നടപടികൾ നടത്താവുന്നതാണ്. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. മെയ്, ജൂൺ മാസങ്ങളിലെ ചിട്ടി ലേലങ്ങൾ റദ്ദാക്കിയിരിക്കുന്നതിനാൽ നിലവിലുള്ള ചിട്ടികളുടെ കാലാവധി തീരുന്ന തിയ്യതി 2 മാസം അധികരിക്കുന്നതായിരിക്കും (കഴിഞ്ഞ വർഷം ലോക്ക്ഡൗൺ കാലത്ത് ലേലം റദ്ദാക്കിയ ചിട്ടികളെ സംബന്ധിച്ചിടത്തോളം കാലാവധി തീരുന്ന തിയ്യതി ആകെ 4 മാസം അധികരിക്കുന്നതായിരിക്കും).
2. കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ചു കൊണ്ടു വേണം ചിട്ടി ലേലം നടത്തേണ്ടത്. SMS, Email വഴി പ്രോക്സികൾ സ്വീകരിച്ചും ഓൺലൈൻ വഴി ചിട്ടിത്തവണ സംഖ്യ അടയ്ക്കാൻ പ്രേരിപ്പിച്ചും നേരിട്ട് പങ്കെടുക്കാതെ കഴിയുന്നതും പ്രോക്സി വഴി ലേലത്തിൽ പങ്കെടുക്കാൻ ഇടപാടുകാരെ പ്രേരിപ്പിക്കേണ്ടതുമാണ്.
3. ചിട്ടി ലേല നടപടികൾ ആരംഭിക്കുന്ന വിവരം പരാതിക്ക് ഇടവരാത്ത വിധം ഇടപാടുകാരെ അറിയിക്കേണ്ടതാണ്.
4. ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ ചൊവ്വ, വ്യാഴം ദിവസങ്ങളിലെ ചിട്ടി ലേലം യഥാക്രമം ബുധൻ, വെള്ളി ദിവസങ്ങളിൽ നടത്തേണ്ടതാണ്.
5. മിനിറ്റ്സ് ഫയലിങ്ങ്, ബാലൻസ് ഷീറ്റ് ഫയലിങ്ങ് തുടങ്ങിയവ ചിട്ടി ലേലം ആരംഭിക്കുന്ന മുറയ്ക്ക് പതിവു പോലെ നടത്തേണ്ടതാണ്.
6. ഇപ്പോൾ ഡി കാറ്റഗറിയിൽപ്പെടുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ശാഖകൾ ആ കാറ്റഗറിയിൽ നിന്നും മാറും വരെ ചിട്ടി ലേല നടപടികൾ നടത്തേണ്ടതില്ല.
7. സായാഹ്ന ശാഖകളുടെ പ്രവർത്തന സമയം 02.07.2021 മുതൽ ഉച്ചയ്ക്ക് 12.30 മണി മുതൽ 6.30 വരെയാക്കിയിരിക്കുന്നു. ലേല നടപടികളുടെ സമയം അതിനനുസരിച്ച് ക്രമീകരിക്കേണ്ടതും ആയത് ഇടപാടുകാരെ പരാതികൾക്ക് ഇടകൊടുക്കാത്തവിധം അറിയിക്കേണ്ടതുമാണ്.

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v എം.ഡി. യുടെ പി.എ.
vi സർക്കുലർ ഫയൽ